# MESSAGE OF HIS HOLINESS POPE FRANCIS

FOR THE CELEBRATION OF THE

**WORLD DAY OF PRAYER FOR THE CARE OF CREATION**

1 SEPTEMBER 2016

## Show Mercy to our Common Home

United with our Orthodox brothers and sisters, and with the support of other Churches and Christian communities, the Catholic Church today marks the "World Day of Prayer for the Care of Creation". This Day offers "individual believers and communities a fitting opportunity to reaffirm their personal vocation to be stewards of creation, to thank God for the wonderful handiwork which he has entrusted to our care, and to implore his help for the protection of creation as well as his pardon for the sins committed against the world in which we live." [1]

It is most encouraging that concern for the future of our planet is shared by the Churches and Christian communities, together with other religions. Indeed, in past decades numerous efforts have been made by religious leaders and organizations to call public attention to the dangers of an irresponsible exploitation of our planet. Here I would mention Patriarch Bartholomew of Constantinople who, like



his predecessor Patriarch Dimitrios, has long spoken out against the sin of harming creation and has drawn attention to the moral and spiritual crisis at the root of environmental problems. In response to a growing concern for the integrity of creation, the Third European Ecumenical Assembly in Sibiu in 2007 proposed celebrating a "Time for Creation" during the five weeks between 1 September (the Orthodox commemoration of God's creation) and 4 October (the commemoration of Francis of Assisi in the Catholic Church and some other Western traditions). This initiative, supported by the World Council of Churches, has since inspired many ecumenical activities in different parts of the world. It is also encouraging that throughout the world similar initiatives promoting environmental justice, concern for the poor and responsible social commitment have been bringing together people, especially young people, from diverse religious backgrounds. Christians or not, as people of faith and goodwill, we should be united in showing mercy to the earth as our common home and cherishing the world in which we live as a place for sharing and communion.

### 1. The earth cries out …

With this Message, I renew my dialogue with "every person living on this planet" (*Laudato Si'*, 3) about the sufferings of the poor and the devastation of the environment. God gave us a bountiful garden, but we have turned it into a polluted wasteland of "debris, desolation and filth" (ibid., 161). We must not be indifferent or resigned to the loss of biodiversity and the destruction of ecosystems, often caused by our irresponsible and selfish behaviour. "Because of us, thousands of species will no longer give glory to God by their very existence, nor convey their message to us. We have no such right" (ibid., 33).

Global warming continues, due in part to human activity: 2015 was the warmest year on record, and 2016 will likely be warmer still. This is leading to ever more severe droughts, floods, fires and extreme weather events. Climate change is also contributing to the heart-rending refugee crisis. The world's poor, though least responsible for climate change, are most vulnerable and already suffering its impact.

As an integral ecology emphasizes, human beings are deeply connected with all of creation. When we mistreat nature, we also mistreat human beings. At the same time, each creature has its own intrinsic value that must be respected. Let us hear "*both the cry of the earth and the cry of the poor"* (*Laudato Si'*, 49), and do our best to ensure an appropriate and timely response.

**2. … for we have sinned**

God gave us the earth "to till and to keep" (*Gen* 2:15) in a balanced and respectful way. To till too much, to keep too little, is to sin.

My brother, Ecumenical Patriarch Bartholomew has courageously and prophetically continued to point out our sins against creation. "For human beings… to destroy the biological diversity of God's creation; for human beings to degrade the integrity of the earth by causing changes in its climate, by stripping the earth of its natural forests or destroying its wetlands; for human beings to contaminate the earth's waters, its land, its air, and its life – these are sins." Further, "to commit a crime against the natural world is a sin against ourselves and a sin against God." [2]

In the light of what is happening to our common home, may the present Jubilee of Mercy summon the Christian faithful "to profound interior conversion" (*Laudato Si'*, 217), sustained particularly by the





sacrament of Penance. During this Jubilee Year, let us learn to implore God's mercy for those sins against creation that we have not hitherto acknowledged and confessed. Let us likewise commit ourselves to taking concrete steps towards ecological conversion, which requires a clear recognition of our responsibility to ourselves, our neighbours, creation and the Creator (ibid., 10 and 229).

**3. An examination of conscience and repentance**

The first step in this process is always an examination of conscience, which involves "gratitude and gratuitousness, a recognition that the world is God's loving gift, and that we are called quietly to imitate his generosity in self-sacrifice and good works… It also entails a loving awareness that we are not disconnected from the rest of creatures, but joined in a splendid universal communion. As believers, we do not look at the world from without but from within, conscious of the bonds with which the Father has linked us to all beings" (*Laudato Si'*, 220).

Turning to this bountiful and merciful Father who awaits the return of each of his children, we can acknowledge our sins against creation, the poor and future generations. "Inasmuch as we all generate small ecological damage," we are called to acknowledge "our contribution, smaller or greater, to the disfigurement and destruction of creation."[3] This is the first step on the path of conversion.

In 2000, also a Jubilee Year, my predecessor Saint John Paul II asked Catholics to make amends for past and present religious intolerance, as well as for injustice towards Jews, women, indigenous peoples, immigrants, the poor and the unborn. In this Extraordinary Jubilee of Mercy, I invite everyone to do likewise. As individuals, we have grown comfortable with certain lifestyles shaped by a distorted

culture of prosperity and a "disordered desire to consume more than what is really necessary" (*Laudato Si'*, 123), and we are participants in a system that "has imposed the mentality of profit at any price, with no concern for social exclusion or the destruction of nature."[4] Let us repent of the harm we are doing to our common home.

After a serious examination of conscience and moved by sincere repentance, we can confess our sins against the Creator, against creation, and against our brothers and sisters. "The Catechism of the Catholic Church presents the confessional as the place where the truth makes us free."[5] We know that "God is greater than our sin,"[6] than all our sins, including those against the environment. We confess them because we are penitent and desire to change. The merciful grace of God received in the sacrament will help us to do so.

**4. Changing course**

Examining our consciences, repentance and confession to our Father who is rich in mercy lead to *a firm purpose of amendment*. This in turn must translate into concrete ways of thinking and acting that are more respectful of creation. For example: "avoiding the use of plastic and paper, reducing water consumption, separating refuse, cooking only what can reasonably be consumed, showing care for other living beings, using public transport or car-pooling, planting trees, turning off unnecessary lights, or any number of other practices" (*Laudato Si'*, 211). We must not think that these efforts are too small to improve our world. They "call forth a goodness which, albeit unseen, inevitably tends to spread" and encourage "a prophetic and contemplative lifestyle, one capable of deep enjoyment free of the obsession with consumption" (ibid., 212, 222).





In the same way, the resolve to live differently should affect our various contributions to shaping the culture and society in which we live. Indeed, "care for nature is part of a lifestyle which includes the capacity for living together and communion" (*Laudato Si'*, 228). Economics and politics, society and culture cannot be dominated by thinking only of the short-term and immediate financial or electoral gains. Instead, they urgently need to be redirected to the common good, which includes sustainability and care for creation.

One concrete case is the "ecological debt" between the global north and south (cf. *Laudato Si'*, 51-2). Repaying it would require treating the environments of poorer nations with care and providing the financial resources and technical assistance needed to help them deal with climate change and promote sustainable development.

The protection of our common home requires a growing global political consensus. Along these lines, I am gratified that in September 2015 the nations of the world adopted the Sustainable Development Goals, and that, in December 2015, they approved the Paris Agreement on climate change, which set the demanding yet fundamental goal of halting the rise of the global temperature. Now governments are obliged to honour the commitments they made, while businesses must also responsibly do their part. It is up to citizens to insist that this happen, and indeed to advocate for even more ambitious goals.

Changing course thus means "keeping the original commandment to preserve creation from all harm, both for our sake and for the sake of our fellow human beings."[7] A single question can keep our eyes fixed on the goal: "What kind of world do we want

to leave to those who come after us, to children who are now growing up?" (*Laudato Si'*, 160).

**5. A new work of mercy**

"Nothing unites us to God more than an act of mercy, for it is by mercy that the Lord forgives our sins and gives us the grace to practise acts of mercy in his name."[8]

To paraphrase Saint James, "we can say that mercy without works is dead … In our rapidly changing and increasingly globalized world, many new forms of poverty are appearing. In response to them, we need to be creative in developing new and practical forms of charitable outreach as concrete expressions of the way of mercy."[9]

The Christian life involves the practice of the traditional seven corporal and seven spiritual works of mercy.[10] "We usually think of the works of mercy individually and in relation to a specific initiative: hospitals for the sick, soup kitchens for the hungry, shelters for the homeless, schools for those to be educated, the confessional and spiritual direction for those needing counsel and forgiveness… But if we look at the works of mercy as a whole, we see that the object of mercy is human life itself and everything it embraces."[11]

Obviously "human life itself and everything it embraces" includes care for our common home. So let me propose a complement to the two traditional sets of seven: may the works of mercy also include *care for our common home*.

As a spiritual work of mercy, care for our common home calls for a "grateful contemplation of God's world" (*Laudato Si'*, 214) which "allows us to discover in each thing a teaching which God wishes to hand on to us" (ibid., 85). As a corporal work of mercy,





care for our common home requires "simple daily gestures which break with the logic of violence, exploitation and selfishness" and "makes itself felt in every action that seeks to build a better world" (ibid., 230-31).

**6. In conclusion, let us pray**

Despite our sins and the daunting challenges before us, we never lose heart. "The Creator does not abandon us; he never forsakes his loving plan or repents of having created us… for he has united himself definitively to our earth, and his love constantly impels us to find new ways forward" (*Laudato Si'*, 13; 245). In a particular way, let us pray on 1 September, and indeed throughout the year:

"O God of the poor,

help us to rescue the abandoned  
and forgotten of this earth,  
who are so precious in your eyes…  
God of love, show us our place in this world  
as channels of your love  
for all the creatures of this earth" (ibid., 246),  
God of mercy, may we receive your forgiveness  
and convey your mercy throughout our common home.  
Praise be to you!  
Amen.




POPE FRANCIS

# കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷസമാപനം കേരള കത്തോലിക്കാസഭയിൽ

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യ വൈദികരേ, പ്രിയ സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

'കരുണയുടെ മുഖം' എന്ന ഫ്രാൻസിസ് പാപ്പായുടെ പ്രബോധനം കരുണയുടെ അസാധാരണ ജൂബിലിവർഷമാചരിക്കാൻ നമ്മെ പ്രചോദിപ്പിച്ചു. ആധുനികസമൂഹം പുറമ്പോക്കുകളിലേക്കു വലിച്ചെറിഞ്ഞവരെ ഹൃദയപൂർവം പരിഗണിക്കാൻ നാം ശ്രമിക്കുകയായിരുന്നു. കുറെയെങ്കിലും ആ വഴിയേ ചരിക്കാൻ നമുക്കു കഴിഞ്ഞു. ദൈവത്തിന്റെ സ്വഭാവം ദൈവമക്കളുടെ സ്വഭാവമായി പരിണമിക്കുവാനും വിശ്വാസം പ്രവൃത്തികളിലൂടെ സജീവമാക്കുവാനും (യാക്കോ 2:15) നാം കരുതലോടെ ശ്രദ്ധിച്ചു.

കാരുണ്യം ദൈവത്തിന്റെ നാമവും മുഖവും സ്വഭാവവുമാണെന്നു ഗ്രഹിച്ച് നാം അതു സാക്ഷ്യപ്പെടുത്തി. കരുണയുടെ മുഖമായ യേശുക്രിസ്തുവിനെ ജീവിതംകൊണ്ട് ഉച്ചൈസ്തരം പ്രഘോഷിക്കാൻ നമുക്കായി. കാരുണ്യജൂബിലിവർഷത്തിന്റെ ആചരണത്തിലൂടെ ക്രിസ്തുകരുണയുടെ തുടർച്ചയായ തിരുസ്സഭയുടെ മുഖശ്രീ വർധമാനമാക്കുന്നതിൽ കേരള കത്തോലിക്കാസഭ വിജയിച്ചു എന്നുവേണം വിലയിരുത്താൻ. സഭയും സഭയുടെ മണവാളനായ യേശുമിശിഹായും ഇത്ര സമാകർഷകമായി പൊതുജനമധ്യത്തിൽ അവതരിപ്പിക്കപ്പെട്ട ചരിത്രമുഹൂർത്തങ്ങൾ അപൂർവമായതിനാൽ കരുണയുടെ ജൂബിലിവർഷാചരണം അനുപമമായിരുന്നു എന്നു പറയാതെ വയ്യാ. കാരുണ്യമെന്നത് കേവലം ഒരു നാമമല്ലെന്നും പ്രത്യുത, ക്രിയയാണെന്നും മനോഭാവമാണെന്നുമുള്ള അവബോധം വിശ്വാസികളിൽ ആഴമായി പതിയാൻ ഇടയായതിനെ ഓർത്ത് നമുക്ക് ദൈവത്തിനു നന്ദിപറയാം.

ദൈവത്തിന് ഒരു പുതിയ പേരു കണ്ടെത്തിയ തിരുസഭാതലവനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, തന്റെ ജീവിതത്തിൽ അനുവർത്തിച്ചുവന്ന ശൈലി സഭയ്ക്കു നല്കിയതുവഴി സഭയിൽ ആകമാനം മാറ്റവും നവീക





രണവും പുതുജീവനും ഉണ്ടായി എന്നു സന്തോഷത്തോടെ അനുസ്മരിക്കട്ടെ. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കും വിശ്വാസ പ്രതിസന്ധിക്കുമെതിരേയുള്ള സഭയുടെ മറുപടിയാണത്.

ദൈവത്തിന്റെ കാരുണ്യം വ്യക്തിപരമായി അനുഭവിക്കുവാനുള്ള അവസരമായി കരുണയുടെ സവിശേഷജൂബിലിവർഷത്തെ കാണണമെന്ന് പാപ്പാ പഠിപ്പിച്ചു. അതിനായി കരുണയുടെ കവാടങ്ങൾ തുറന്നു. വിശുദ്ധ കുമ്പസാരമെന്ന കരുണയുടെ കൂദാശ കൂടക്കൂടെ സ്വീകരിക്കണമെന്നും കരുണയുടെ മൂർത്തീകരണവും പൂർത്തീകരണവുമായ ദിവ്യകാരുണ്യത്തിൽ വിശ്വാസികൾ ആഴപ്പെടണമെന്നും പരിശുദ്ധ പിതാവ് പഠിപ്പിച്ചു. ദൈവകരുണ അനുഭവിക്കുവാൻ ഒരുവന് കൗദാശികമാർഗങ്ങൾ തുറന്നുകിടക്കുന്നു എന്നതാണ് ക്രൈസ്തവന്റെ വിളിയും ഭാഗ്യവും.

കരുണയുടെ ഭാഷ മനുഷ്യനു മാത്രമല്ല, ഏതു ജീവജാലങ്ങൾക്കും മനസ്സിലാകുന്ന ഭാഷകൾക്കതീതമായ ഭാഷയത്രേ. സ്നേഹത്തിന്റെ ഭാഷ്യമാണത്. ഈ ഭാഷയുടെ ബാലപാഠവും തുടർപാഠങ്ങളും തന്റെ മക്കളെ പഠിപ്പിക്കുവാൻ സഭാമാതാവ് ഒരു വർഷം നീക്കിവയ്ക്കുകയായിരുന്നു. സഭയ്ക്കാകമാനം അത് ഒരു പഠനശിബിരവും പരിശീലനക്കളരിയുമായിരുന്നു; പൊതുസമൂഹത്തിനാകട്ടെ, ഒരു സാധനപാഠവും അനുകരണീയമായ മാതൃകയും. സ്നേഹദാരിദ്ര്യമനുഭവിക്കുന്ന – സ്നേഹം വറ്റിവരണ്ട – ഒരു ലോകത്തിന് നല്കാൻ പറ്റുന്ന പ്രത്യൗഷധവും മൃതസഞ്ജീവനിയുമായിരുന്നു കരുണയുടെ വർഷാചരണം. കരുണ തടംകെട്ടി നില്ക്കേണ്ടതല്ല, നദിപോലെ ഒഴുകേണ്ടതാണ്. ഒരിക്കലും "വറ്റാത്ത നദി" എന്നാണ് കാരുണ്യത്തെ ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നത് (*കരുണയുടെ മുഖം*, No.24).

"കരുണയുടെ ഐക്കൺ" എന്ന് ലോകം അംഗീകരിച്ച മദർ തെരേസയെ ജൂബിലിവർഷത്തിൽ വിശുദ്ധയായി പ്രഖ്യാപിച്ചത് നമുക്കേവർക്കും വലിയ സന്തോഷമാണ് സമ്മാനിച്ചത്. "അവിടത്തെ കാരുണ്യം അനന്തമാണ്" എന്നു സങ്കീർത്തകനോടൊപ്പം (സങ്കീ 136) നമുക്കും പാടാം. ജൂബിലിവർഷാചരണം സമാപിച്ചാലും ദൈവകരുണയ്ക്കുവേണ്ടിയുള്ള നമ്മുടെ അർത്ഥനയും കാരുണ്യപ്രവൃത്തികളും അവിരാമം തുടരുകതന്നെ ചെയ്യും.

വർഷാചരണത്തിന്റെ ഔദ്യോഗികമായ സമാപനത്തിനുള്ള തയ്യാറെ

ടുപ്പിലാണ് ഓരോ പ്രാദേശിക സഭയും രൂപതകളും. കേരള കത്തോലിക്കാ സഭയിൽ 2016 നവംബർ 12-ാംതീയതി കരുണയുടെ ജൂബിലിവർഷത്തിന് ഔദ്യോഗിക സമാപനം കുറിക്കുന്നതാണ്. കരുണയുടെ ഈറ്റില്ലവും പാഠശാലയുമായ കുടുംബത്തോടു ബന്ധപ്പെട്ട കുടുംബപ്രേഷിതത്വത്തിന്റെയും പൊതുസമൂഹത്തിൽ കാരുണ്യം പ്രസക്തമായി അവതരിപ്പിക്കുന്ന കെസിബിസി ജസ്റ്റീസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെയും നേതൃത്വത്തിലും ഇതരകമ്മീഷനുകളുടെ സഹകരണത്തിലുമാണ് സമാപനം നടത്തപ്പെടുന്നത്.

2016 നവംബർ 12 ശനിയാഴ്ച കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററും (തെള്ളകം), തെള്ളകം പുഷ്പഗിരി ദൈവാലയവും കേന്ദ്രീകരിച്ച് സമ്മേളനം നടത്തപ്പെടുന്നു. കാരുണ്യവർഷത്തിന്റെ മാനങ്ങൾ വ്യക്തമാക്കുംവിധം ദൈവകരുണ പ്രഘോഷിച്ചും കാരുണ്യപ്രവൃത്തിയുടെ പ്രസക്തമായ സമീപനങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിച്ചും ഭൂമിയോടും പ്രകൃതിയോടുമുള്ള നമ്മുടെ കരുതൽ പങ്കുവച്ചും ഈ ദിനം ആചരിക്കുന്നതാണ്.

കേരള കത്തോലിക്കാസഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യവും നേതൃത്വവും നമ്മോടൊപ്പമുണ്ടാകും. കേരളത്തിലെ കത്തോലിക്കാ രൂപതകളുടെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഭാരവാഹികളും, വിവിധ പ്രേഷിതവേദികൾക്കും സഭാസംഘടനകൾക്കും നേതൃത്വം നല്കുന്ന വൈദിക-സന്ന്യസ്ത-അല്മായ നേതാക്കന്മാരും വിശ്വാസികളും ഇതിൽ പങ്കെടുക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

കോട്ടയത്തും സമീപപ്രദേശത്തുമുള്ള 3 അതിരൂപതകളിലെയും 3 രൂപതകളിലെയും ദൈവജനത്തിന്റെ വർധിച്ച പങ്കാളിത്തമാണ് സമ്മേളനത്തിന്റെ ഗരിമ വർധിപ്പിക്കുന്നത്. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് (തിരുവല്ല), മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് (എറണാകുളം), ചങ്ങനാശ്ശേരി, കോട്ടയം, വിജയപുരം, പാല, കാഞ്ഞിരപ്പള്ളി രൂപതകളിലെ വികാർ ജനറൽമാർ എന്നിവർ ഉൾപ്പെട്ട കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് സമ്മേളനം നടത്തപ്പെടുക. കോട്ടയം ക്നാനായ അതിരൂപത വികാർ ജനറൽ മോൺ. മൈക്കിൾ വെട്ടിക്കാട്ട് അച്ചൻ കൺവീനറായി വിപുല





മായ കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു.

കേരള സംസ്ഥാനത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. ഓരോ രൂപതയിൽനിന്നും കാരുണ്യത്തിന്റെ മുഖങ്ങൾ പ്രകാശമാനമാക്കിയ ചില കുടുംബങ്ങളെയും സ്ഥാപനങ്ങളെയും വെല്ലുവിളികൾ സാധ്യതകളാക്കി മാറ്റി സമൂഹത്തിന് ഈടുറ്റസംഭാവനകൾ നല്കിയ ചില വ്യക്തികളെയും കാരുണ്യശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ച വൈദികരെയും സന്ന്യസ്തരെയും, ഒപ്പം ഇതരമതവിശ്വാസികളായ ഏതാനും കാരുണ്യദീപങ്ങളെയും സമ്മേളനത്തിൽ ആദരിക്കുന്നതായിരിക്കും.

വിശദമായ അറിയിപ്പുകൾ യഥാസമയം സംഘടനകൾ നല്കുന്നതായിരിക്കും. ലളിതമായി നടത്തപ്പെടുന്നതെങ്കിലും അനിവാര്യമായ സാമ്പത്തിക ഭാരങ്ങൾ പങ്കുവയ്ക്കുവാൻ ഔദാര്യം കാണിക്കണമെന്നു കൂടി അഭ്യർത്ഥിക്കുന്നു. ഏവരുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

പി.ഒ.സി.
കൊച്ചി

## കാരുണ്യവർഷാചരണത്തോടനുബന്ധിച്ച് കേരളാ കത്തോലിക്കാ മെത്രാൻസമിതിയുടെ സാമൂഹ്യ നീതിക്കും വികസനത്തിനുമായുള്ള കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കൻമാരേ, വന്ദ്യ വൈദികസഹോദരരേ, സന്ന്യസ്തരേ, പ്രിയ ദൈവമക്കളേ,

ആഗോള കത്തോലിക്കാതിരുസഭ കാരുണ്യവർഷാചരണത്തിലൂടെ കടന്നുപോകുകയാണല്ലോ. ദൈവത്തിന്റെ കരുണയുടെ മുഖം സമൂഹമധ്യേ പ്രതിഫലിപ്പിക്കേണ്ടവരാണ് നാമേവരും. ഇതിനോടകം നിങ്ങളേവരും ഏറ്റെടുത്തു നടത്തിയിട്ടുള്ള എല്ലാ ദൈവികശുശ്രൂഷകളെയും ഓർത്ത് ഞങ്ങൾ ദൈവത്തിനു നന്ദിപറയുകയും നിങ്ങളേവരെയും ദൈവനാമത്തിൽ അനുമോദിക്കുകയും ചെയ്യുന്നു. സ്വീകരിക്കുന്നതിനെക്കാൾ നല്കുന്നതിലാണ് കാരുണ്യം എന്ന തിരിച്ചറിവിലാണ് സഭയുടെ എല്ലാ പ്രവർത്തനങ്ങളും. ദൈവത്തിന്റെ ദാനമാണല്ലോ ഈ ഭൂമിയും അതിലെ സമസ്ത ചരാചരങ്ങളും. സൃഷ്ടിയുടെ മകുടമായ മനുഷ്യനാകട്ടെ, അവയുടെ സംരക്ഷകനും. ഉത്പത്തിപുസ്തകത്തിനൊരു പര്യായം പറയുകയാണെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ സുവിശേഷം എന്നതായിരിക്കും ഏറ്റവും ഉചിതം.

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഈ കാരുണ്യവർഷത്തിൽ നിരന്തരമായി ലോകത്തെ ഉദ്ബോധിപ്പിക്കുന്ന കാര്യമാണ് "സൃഷ്ടിയുടെ സംരക്ഷണം". സൃഷ്ടിയുടെ സംരക്ഷണം ഒരു മഹത്തായ കാരുണ്യപ്രവൃത്തിയായിട്ടാണ് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നത്. നാം അതിവസിക്കുന്ന ഈ ഭൂമി നമ്മുടെ പൊതുഭവനമാണല്ലോ. പരിശുദ്ധ പിതാവിന്റെ ആഹ്വാനം അനുസരിച്ച് കേരളാ കത്തോലിക്കാസഭ അതിന്റെ സാമൂഹ്യസേവനവിഭാഗമായ കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിലൂടെ "പ്രകൃതിയോട് കാരുണ്യം" എന്ന ദർശനത്തിലൂന്നിയാണ് ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങളെല്ലാം ക്രമീകരിച്ചിരിക്കുന്നത്. പ്രത്യേകിച്ചും, ഇന്ന് ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളായ വരൾച്ച, ശുദ്ധജലക്ഷാമം, ജലമലിനീകരണം എന്നിവയെ പ്രാദേശികമായി പരിഹരിക്കുന്നതിന് ഉതകുന്ന ജലസാക്ഷരത പ്രവർത്തനങ്ങളിലൂടെ സഭയൊന്നാകെ മുന്നേറി, പ്രകൃതിയോട് കാരുണ്യം കാണിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അതിനാൽ സഭയിലെ എല്ലാ ഭക്തസംഘടനകളും ശുശ്രൂഷാവേദികളും സ്ഥാപനങ്ങളും, കുടുംബങ്ങളും ഈ ജലസാക്ഷരതായജ്ഞത്തിൽ സജീവമായി പങ്കുചേരുവാൻ നിങ്ങളേവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുകയാണ്.





കുടിവെള്ളം ലഭിക്കുക എന്നത് എല്ലാ മനുഷ്യരുടെയും അടിസ്ഥാന അവകാശമാണ്. ലോകത്തിൽ ആറിൽ ഒരാൾക്കുമാത്രമേ കുടിവെള്ളസൗകര്യം ഉള്ളൂ എന്നു തിരിച്ചറിയുമ്പോഴാണ് വെള്ളത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കുക. ഭൂമി ഒരു ജലഗ്രഹമാണ്. ഭൂമിയുടെ 75% ജലമാണ്. അതിൽ ഒരു ശതമാനംമാത്രമാണ് ശുദ്ധജലം. ആകെയുള്ള ഈ ഒരു ശതമാനം ശുദ്ധജലത്തിൽ 70% മഞ്ഞുമലകളും മഞ്ഞുപാളികളുമായിട്ടാണ് സ്ഥിതിചെയ്യുന്നത്; ബാക്കി 29% ഭൂഗർഭജലവും. അവശേഷിക്കുന്ന ഒരു ശതമാനം മാത്രമാണ് നമുക്ക് കുടിവെള്ളമായി ഉപയോഗിക്കുവാൻ ലഭ്യമായിട്ടുള്ളത്. ലോകത്തിൽ ആകെയുള്ള ജലം ഒരു ലിറ്റർ കുപ്പിയിൽ ഒതുക്കിയാൽ അതിൽ ഒരു ടീസ്പൂൺ മാത്രമാണ് ശുദ്ധജലം.

ഭാരതത്തിൽ 92% ജലവും കൃഷിയാവശ്യങ്ങൾക്കും 3% വ്യാവസായികാവശ്യങ്ങൾക്കും ബാക്കി 5% വീട്ടാവശ്യങ്ങൾക്കുമായിട്ടാണ് ഉപയോഗിക്കുന്നത്. കേരളത്തിന് ആവശ്യമായ മുഴുവൻ വെള്ളവും ലഭിക്കുന്നത് മഴയിൽ നിന്നുമാത്രമാണ്. മഞ്ഞുരുകി വെള്ളം ലഭിക്കുവാൻ നമുക്ക് സാദ്ധ്യതയില്ല. മഴവെള്ളം വഹിച്ചുകൊണ്ടുപോയി നാടിന്റെ നാനാഭാഗത്തും എത്തിക്കുവാൻ ചെറുതെങ്കിലും 44 നദികൾ നമുക്കുണ്ട്. കൂടാതെ മഴവെള്ളം സംരക്ഷിക്കുവാൻ മറ്റ് ജലാശയങ്ങളുമുണ്ട്. കായൽ, കുളം, തോട്, കിണർ മുതലായവയാണവ.

കേരളത്തിന്റെ കാലാവസ്ഥയെ ഏറ്റവും സ്വാധീനിക്കുന്നതും ജലവിഭവശേഷിയുടെ നിർണ്ണായകഘടകവുമായ രണ്ടു മഴക്കാലങ്ങളാണ് ഇടവപ്പാതിയും തുലാവർഷവും. ഈ മഴയെ കാര്യക്ഷമമായി നാം സംരക്ഷിച്ചാൽ നമ്മുടെ നാട് ഇന്ന് അനുഭവിക്കുന്ന ശുദ്ധജല ദൗർലഭ്യത്തിന് വലിയൊരളവു വരെ പരിഹാരമാകും. ഒരു വർഷം നമുക്കു ലഭിക്കുന്ന 3000 മില്ലിമീറ്റർ മഴയുടെ 92 ശതമാനവും ഒഴുകി നഷ്ടമാകുകയാണ്. ഈ യാഥാർത്ഥ്യങ്ങളെല്ലാം തിരിച്ചറിഞ്ഞ് ജല സംരക്ഷണത്തിനും ജലത്തിന്റെ നീതിപൂർവ്വകമായ ഉപയോഗത്തിനും സഭയൊന്നൊകെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

നാം നേരിടുന്ന ജലപ്രതിസന്ധിക്ക് പ്രധാന കാരണങ്ങൾ ആളോഹരി ജല ഉപയോഗത്തിലെ വർദ്ധനവ്, വ്യാവസായിക വളർച്ച, നഗരവൽക്കരണം, ജലസേചനത്തിന്റെ വർദ്ധനവ് മുതലായവയാണ്. വനനശീകരണവും ജലസ്രോതസുകളുടെ നശീകരണവും നികത്തലും, ജലമലിനീകരണവും ജലലഭ്യതയെ സാരമായി ബാധിക്കുന്നുണ്ട്. വരുംതലമുറയ്ക്കായി കരുതിവയ്ക്കേണ്ട ഭൂഗർഭജലം അനിയന്ത്രിതമായി ഊറ്റിയെടുക്കുന്ന കുഴൽകിണർസംസ്കാരം ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജലദൗർലഭ്യം മുൻകൂട്ടി മനസ്സിലാക്കി നമ്മുടെ ജലവും ജലസ്രോതസ്സുകളും കൈയടക്കുന്നതിനുള്ള ശ്രമങ്ങൾ ദേശീയ, അന്തർദേശീയ ജലമാഫിയകൾ ആരംഭിച്ചു കഴിഞ്ഞു. വരുംനാളുകളിലെ നിക്ഷേപം ജലലഭ്യമായ മണ്ണായിരിക്കുമെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

നമ്മുടെ കിണറുകളാണ് ഈ നാടിന്റെ വലിയ സമ്പത്ത്. 55 ലക്ഷത്തിൽപരം കിണറുകൾ ഉള്ള സംസ്ഥാനമാണ് കേരളം. എന്നാൽ കുടിവെള്ളപൈപ്പുകളുടെ വരവോടെ സ്വന്തം കിണറുകളെ പലരും ഉപേക്ഷിച്ചുകളഞ്ഞു. ജലമലിനീകരണം വഴി നമ്മുടെ കിണറുകളും കുളങ്ങളും മലിനമാക്കപ്പെടുന്നുണ്ട്. പൈപ്പുപൊട്ടലും ജലവിതരണത്തിലെ പാകപ്പിഴകളും ഒരുവശത്ത് അരങ്ങേറുമ്പോൾ അമിതഉപയോഗവും മഴയുടെ ലഭ്യതക്കുറവും നിമിത്തം ഇത്തരം പദ്ധതികളുടെ പ്രഭവസ്ഥാനങ്ങളിൽ വെള്ളം വറ്റുന്ന സ്ഥിതിവിശേഷങ്ങളും നാം മറന്നുപോകരുത്. ലോകത്തിൽ 40% രോഗങ്ങളും പകരുന്നത് കുടിവെള്ളത്തിലൂടെയാണ്. ആയതിനാൽ ലോറിവെള്ളവിതരണത്തെ ആശ്രയിക്കുന്നവർ അതിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. പൈപ്പുവെള്ളത്തിൽ ക്ലോറിന്റെ അളവ് നിശ്ചിത അളവിൽ കൂടിയാൽ അത് മാരകമായ ക്യാൻസർ രോഗത്തിനു കാരണമായേക്കുമെന്ന് ശാസ്ത്രീയപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ പൈതൃകമായി ലഭിച്ച കിണറുകളെ പരിപോഷിപ്പിച്ച് നിർത്തേണ്ടതാകുന്നു. പുരയിടങ്ങളിൽ ലഭ്യമാകുന്ന മഴവെള്ളത്തെ പടിയ്ക്കു പുറത്ത് ആക്കാതെ നമ്മുടെ തൊടികളിലും തെങ്ങിൻതടങ്ങളിലും സംരക്ഷിച്ചും ഒപ്പം മണ്ണിലെ ജൈവാംശം വർദ്ധിപ്പിച്ചും, മുറ്റത്തും കിണറുകൾക്കുചുറ്റും മഴക്കുഴികളും ചാലുകളും നിർമ്മിച്ച് കിണറുകളുടെ ഉറവകളെ പരിപുഷ്ടിപ്പെടുത്തി കിണർ റീചാർജിങ്ങ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളും ഉൾച്ചേരേണ്ടതാണ്. ഈ മേഖലയിൽ നമ്മുടെ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ നാളിതുവരെ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ള സ്ഥലജലസംരക്ഷണപദ്ധതികളും ഇടപെടലുകളും നമ്മുടെ മുഖ്യധാരാ പ്രവർത്തനങ്ങളായിരുന്നു. നമ്മുടെ ഭവനങ്ങളുടെയും ദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും മുറ്റം ടാർ ചെയ്യുന്നതും കോൺക്രീറ്റ് ചെയ്യുന്നതും ടൈൽസു പാകുന്നതും മഴവെള്ളത്തെ ആട്ടിപ്പായിക്കുന്ന പ്രവർത്തനങ്ങളാണ്. ഇതും ഒരു ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഭൂമി ഉണ്ടായ കാലത്ത് ഉള്ള അത്രയും ജലംമാത്രമേ ഇന്നുമുള്ളൂ. ഈ വെള്ളം എല്ലാവരുടെയും പൊതുസ്വത്താണ്. തുലോം പരിമിതമായ ഈ ജലസമ്പത്തിനെ മാലിന്യനിക്ഷേപത്തിലൂടെയും, രാസകീടവളപ്രയോഗത്തിലൂടെയും ഡിറ്റർജെന്റ് ഉൽപന്നങ്ങളുടെ അമിത ഉപയോഗം വഴിയും മലിനമാക്കിക്കൂടാ. താരതമ്യേന ഏറ്റവും ശുദ്ധമായ മഴവെള്ളത്തെ മഴക്കാലത്ത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ശേഷിച്ച കാലത്തേക്ക് മഴവെള്ളസംഭരണികളിൽ സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതും മാതൃകാപരമാണ്. കിണറിലെ വെള്ളം ഒരു സ്ഥിരനിക്ഷേപം പോലെ സൂക്ഷിക്കാം.

ജലസംരക്ഷണത്തിനായി ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. ലഭ്യമായ ശുദ്ധജലത്തെ മിതമായി ഉപയോഗിക്കാൻ പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. വീട്ടിൽ ഒരു പ്രാവശ്യം ഉപയോഗിച്ച വെള്ളം തോട്ടം നനയ്ക്കാനോ, ചെടികൾക്കു വേണ്ടിയോ പുനരുപയോഗിക്കാവുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങൾ വെള്ളത്തിന്റെ വില മനസ്സിലാക്കട്ടെ. അന്ത്യവിധിയിൽ "എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിക്കാൻ വെള്ളം തന്നില്ല" എന്ന തെറ്റ് അറിയാതെ ചെയ്തുപോയി എന്നു പറയേണ്ട അവസ്ഥ നമുക്ക് ഉണ്ടാകാതിരിക്കട്ടെ. ആയതിനാൽ നമുക്ക് ദൈവം തരുന്ന മഴയെ കാത്തുസൂക്ഷിക്കാം, കിണറുകളെ സംരക്ഷിക്കാം, ജലസ്രോതസ്സുകളെ മലിനമാക്കാതിരിക്കാം. നമുക്കും വരുംതലമുറയ്ക്കുംവേണ്ടി ജലസുരക്ഷ ഉറപ്പാക്കുവാൻ ജലസാക്ഷരതാപ്രവർത്തനങ്ങൾ സഹായിക്കട്ടെ. ജലസംരക്ഷണയജ്ഞങ്ങൾ സംഘടിപ്പിക്കുവാൻ നമുക്ക് കരങ്ങൾ കോർക്കാം. ദൈവം നമ്മെയും നമ്മുടെ പ്രകൃതിയെയും ജലസമൃദ്ധിയാൽ അനുഗ്രഹിക്കട്ടെ.

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറീലോസ്**

ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി.
കൊച്ചി





# അമലഗിരി വാർത്തകൾ

## കാരുണ്യവർഷ സമാപനം

കരുണയുടെ അസാധാരണ ജൂബിലിയുടെ ഭദ്രാസനതല സമാപനം 20 നവംബർ 2016 രാവിലെ 8.30-ന് പുന്നമൂട് കത്തീഡ്രലിൽ ആചരിക്കുന്നു. അനുരഞ്ജന ശുശ്രൂഷ, വി. സമൂഹബലി, കാരുണ്യ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്, സ്നേഹഭോജനം എന്നിവ ക്രമീകരിച്ചിരിക്കുന്നു. വന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന വി. സമൂഹബലിയിൽ ഭദ്രാസനത്തിലെ മുഴുവൻ വൈദികരും സഹകാർമ്മികരായിരിക്കും.

## മാസധ്യാനം

ബഹുമാനപ്പെട്ട വൈദികരുടെ ഡിസംബർ മാസത്തിലെ ധ്യാനം ഡിസംബർ മാസം 09 രാവിലെ 09.30 ന് അമലഗിരി അരമനയിൽ ക്രമീകരിച്ചിരിക്കുന്നു.

## ട്രസ്റ്റി/ സെക്രട്ടറി സമ്മേളനം

ഭദ്രാസനത്തിലെ ട്രസ്റ്റി/സെക്രട്ടറിമാരുടെ സമ്മേളനം 12 ഡിസംബർ 2016 രാവിലെ 10 മുതൽ അമലഗിരി അരമനയിൽ ക്രമീകരിച്ചിരിക്കുന്നു

ഇടവകയിലെ വസ്തുവകകൾ, സാമ്പത്തിക ഇടപാടുകൾ, വിവിധയിനം രജിസ്റ്റേഴ്സുകളുടെ സൂക്ഷിപ്പ് തുടങ്ങിയവയെപ്പറ്റിയുള്ള പ്രത്യേക പരിശീലനമാണ് ട്രസ്റ്റി/സെക്രട്ടറി സമ്മേളനത്തിൽ ക്രമീകരിച്ചിരിക്കുന്നത്.

## കാര്യാലയ അദ്ധ്യക്ഷന്മാരുടെ സംഗമം

ഭദ്രാസനത്തിലെ വിവിധ കാര്യാലയാദ്ധ്യക്ഷന്മാരുടെയും ജില്ലാ വികാരിമാരുടെയും സംയുക്ത സമ്മേളനം 12 ഡിസംബർ 2016 ഉച്ചകഴിഞ്ഞ് 2.00-ന് അമലഗിരി അരമനയിൽ ക്രമീകരിച്ചിരിക്കുന്നു. ഭദ്രാസനം അതിന്റെ വളർച്ചയിൽ 10-ാം വർഷികത്തിലേക്ക് പ്രവേശിക്കുമ്പോൾ കാര്യാലയങ്ങളുടെ അജപാലന സമീപനം, കർമ്മപദ്ധതികൾ, നയരേഖ എന്നിവ വിശകലനം ചെയ്യുന്നു സംയുക്ത സമ്മേളനത്തിൽ.

# മാർ ഈവാനിയോസ് മൈനർ സെമിനാരി

### വാർഷിക ധ്യാനം

സെമിനാരി വിദ്യാർത്ഥികളുടെ വാർഷിക ധ്യാനം 2016 ഒക്ടോബർ മാസം 9-ാം തീയതി മുതൽ 14-ാം തീയതി വരെ ബഹുമാനപ്പെട്ട കുര്യാക്കോസ് തിരുവാലിൽ അച്ചന്റെ നേതൃത്വത്തിൽ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

### കൃതജ്ഞതയും ഭാവുകങ്ങളും

കഴിഞ്ഞ ആറ് മാസം മൈനർ സെമിനാരിയിൽ റീജന്റായി പ്രവർത്തിച്ച ബ്ര. ജോഷ്വാ തെക്കേടത്തിന് പ്രത്യേകം നന്ദി അർപ്പിക്കുന്നു. പുതുതായി ചുമതലയേറ്റ ബ്ര. മാത്യു വലിയപറമ്പലിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

### ജപമാല മാസാചരണം

ഒക്ടോബർ മാസം 29-ാം തീയതി കല്ലുമല സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന ജപമാല മാസാചരണത്തിന്റെ സമാപന ജപമാല പ്രദക്ഷിണത്തിൽ സെമിനാരി വിദ്യാർത്ഥികൾ പങ്കെടുത്തു.

മാവേലിക്കരയിലും പരിസരപ്രദേശങ്ങളിലുമുള്ള വിവിധ കത്തോലിക്കാ സഭാ കൂട്ടായ്മകൾ സംയുക്തമായി സെന്റ് അൽഫോൻസാ കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് 30 ഒക്ടോബർ 2016 വൈകിട്ട് 4.30-ന് നടത്തിയ ജപമാല പ്രാർത്ഥനാറാലിയിൽ സെമിനാരി വിദ്യാർത്ഥികൾ പങ്കെടുത്തു.





# പ്രബോധന

### സർഗ്ഗോത്സവം - ബൈബിൾ രചനാ മത്സരം

സർഗ്ഗോത്സവം - ബൈബിൾ രചനാ മത്സരം 2016 ഒക്ടോബർ 29 ന് ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെട്ടു. നടത്തിപ്പിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ബഹു. ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ജില്ലാ സെക്രട്ടറിമാർ, ജില്ലാ എക്സിക്യൂട്ടിവ് അംഗങ്ങൾ, പ്രധാന അദ്ധ്യാപകർ, അദ്ധ്യാപകർ, മാതാപിതാക്കന്മാർ എന്നിവർക്ക് പ്രബോധനയുടെ സ്നേഹം നിറഞ്ഞ നന്ദി.

### ക്ലസ്റ്റർ ക്ലാസ്

പുത്തൂർ, ചെങ്ങന്നൂർ, മാവേലിക്കര ജില്ലകളിലെ സൺഡേ സ്ക്കൂൾ അദ്ധ്യാപകരുടെ ക്ലസ്റ്റർ ക്ലാസ് നന്നായി നടത്തുവാൻ സഹായിച്ച ബഹു. ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, സെക്രട്ടറിമാർ, കാര്യ നിർവാഹക സമിതി അംഗങ്ങൾ എന്നിവരോടുള്ള പ്രബോധന കുടുംബത്തിന്റെ നന്ദി അറിയിക്കട്ടെ.

### സെമസ്റ്റർ പരീക്ഷ

സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 6-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ നടത്തപ്പെടുന്നു.

**രജിസ്ട്രേഷൻ**

10, +2 ക്ലാസുകളുടെ പരീക്ഷ രജിസ്ട്രേഷൻ എത്രയും വേഗം കേന്ദ്ര ഓഫീസിൽ നടത്തുക. ഒക്ടോബർ 31 ന് ശേഷം 100 രൂപ ആയിരിക്കും രജിസ്ട്രേഷൻ ഫീസ്.

**കവർ കളക്ഷൻ**

2016 വർഷത്തെ കവർ കളക്ഷൻ നൽകാത്ത ഇടവകകൾ എത്രയും വേഗം നൽകേണ്ടതാണ്.

**വിശ്വാസബോധിനി വരിസംഖ്യ**

2016 വർഷത്തെ വിശ്വാസബോധിനി വരിസംഖ്യ അടയ്ക്കാത്തവർ നവംബർ മാസത്തിന് മുമ്പ് നൽകേണ്ടതാണ്. വരിസംഖ്യ അടയ്ക്കാത്തവർക്ക് വിശ്വാസബോധിനി 2016 ഡിസംബർ ലക്കം മുതൽ ലഭ്യമാകുന്നതല്ല.

**മീറ്റിംഗ്**

നവംബർ 12 ന് നടത്താനിരുന്ന ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, സെക്രട്ടറി, ജില്ലാ എക്സിക്യൂട്ടിവ് അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള മീറ്റിംഗ് മാറ്റിവച്ചിരിക്കുന്നു. 2017 ജനുവരി 26 ന് കടമ്പനാട് വച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

**നന്ദി**

മാവേലിക്കര ഭദ്രാസനത്തിന്റെ എല്ലാ സൺഡേ സ്ക്കൂൾ അദ്ധ്യാപകർക്കും സൺഡേ ശാലോം മാഗസീൻ സൗജന്യമായി നൽകികൊണ്ടിരിക്കുന്ന ശാലോം കുടുംബത്തോടുള്ള പ്രബോധനയുടെ ഹൃദയം നിറഞ്ഞ നന്ദി.





# ചേതന

**1. സന്നദ്ധ കേശദാന പദ്ധതി ഉദ്ഘാടനം**

പ്രതീക്ഷയുടെ തിരിനാളം ക്യാൻസർ രോഗ മേഖലയിൽ നൽകുന്ന ആശാകിരണം എന്ന പദ്ധതിയുടെ ഭാഗമായി സന്നദ്ധ പ്രവർത്തകരുടെയും സന്നദ്ധ കേശ ദാതാക്കളുടെയും പരിശീലനവും ബോധവത്ക്കരണവും തുടർന്ന് കേശദാനപദ്ധതിയുടെ ഉദ്ഘാടനവും 2016 നവംബർ 12 ശനിയാഴ്ച 9 മണി മുതൽ കായംകുളം ചേതനയിൽ വച്ച് നടത്തപ്പെടുന്നു. വന്ദ്യ. മോൺ. ജോർജ്ജ് ചരുവിള കോർ എപ്പിസ്ക്കോപ്പ അദ്ധ്യക്ഷത വഹിക്കുന്ന മിറ്റിംഗ് അഡ്വ. യു. പ്രതിഭ ഹരി എം. എൽ. എ ഉദ്ഘാടനം ചെയ്യും. കാരിത്താസ് ഇൻഡ്യയുടെ പ്രോഗ്രാം ഓഫീസർ ശ്രീ. അമൽ കൃഷ്ണ സന്ദേശം നൽകും.

**2. ആശാകിരണം വോളന്റിയേഴ്സ് മീറ്റ്**

വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആശാകിരണം വോളന്റിയേഴ്സിനുള്ള പരിശീലനം നവംബർ 12-ാം തീയതി ശനിയാഴ്ച കായംകുളം ചേതനയിൽ വച്ച് നടത്തപ്പെടും. രാവിലെ 8.30 ന് കാരിത്താസ് ഇൻഡ്യയുടെ പ്രോഗ്രം ഓഫീസർ ശ്രീ. അമൽ കൃഷ്ണ ക്ലാസുകൾക്ക് നേതൃത്വം നൽകും. ആനിമേറ്റേഴ്സ്, സി.ഒ, എന്നിവരും പങ്കെടുക്കുന്നതായിരിക്കും.

**3. ചേതന കലണ്ടർ 2017- പ്രകാശനം**

ക്യാൻസർ രോഗി സഹായത്തിനായി വില്പന നടത്തുന്ന ചേതനയുടെ 2017-ലെ കലണ്ടറിന്റെ പ്രകാശനം അഭിവന്ദ്യ പിതാവ് നവംബർ 20 ന് നിർവ്വഹിക്കും. എല്ലാ ദേവാലയങ്ങളിലും നവം. 20 ന് ശേഷം കലണ്ടർ എത്തിക്കുന്നതാണ്. വില 25 രൂപ.

### 4. ആകാശവാണി വയലും വീടും സുവർണ്ണ ജൂബിലി ക്വിസ് മത്സരവും കർഷക സംഗമവും

ആകാശവാണി വയലും വീടും പരിപാടി പ്രക്ഷേപണത്തിന്റെ 50-ാം വാർഷികാഘോഷ വേളയിൽ ആലപ്പുഴ ജില്ലാതല ക്വിസ് മത്സരവും കർഷക സംഗമവും 2016 ഒക്ടോബർ 21 ന് ചേതന ഓഫീസ് കായംകുളത്ത് വച്ച് നടത്തപ്പെട്ടു 2 മണിക്ക് ആരംഭിച്ച ക്വിസ് മത്സരം നയിച്ചത് ശ്രീ. റ്റി. ശ്രീകുമാർ (Subject matter specialist, kvk, Kayamkulam) ഡോ. എസ്.എസ് മണി (അസി. ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം) എന്നിവരാണ്.

നാലു മണിക്ക് നടത്തിയ (കർഷക സംഗമം- മുഖാമുഖം) പരിപാടിയിൽ വയലും വീടും പ്രോഗ്രാം എക്സിക്യുട്ടീവ് ശ്രീ. മുരളീധരൻ തഴക്കര സ്വാഗതം ആശംസിച്ചു. ആകാശവാണി സ്റ്റേഷൻ ഡയറക്ടർ ശ്രീ. ആർ.സി. ഗോപാൽ അദ്ധ്യക്ഷത വഹിച്ച യോഗം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ വിജയികളായവർക്ക് 'ചേതന' റേഡിയോ സമ്മാനമായി നൽകി. വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

"പുതിയ സർക്കാർ - പുതിയ പ്രതീക്ഷകൾ കാർഷിക കേരളത്തിന്റെ മുൻഗണനകൾ" എന്ന വിഷയത്തെ ആസ്പദമാക്കിയ മുഖാമുഖം പരിപാടിയുടെ മോഡറേറ്റർ ശ്രീ. പി.എം. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ (പ്രോഗ്രാം കോ-ഓഡിനേറ്റർ കെ വി കെ) ആമുഖ പ്രസംഗം നടത്തി. പ്രൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴ, ശ്രീ. അബ്ദുൾ കരീം (CPCRI Head, kayamkulam), ഡോ. വി. കൃഷ്ണകുമാർ (Prof. and head ഓണാട്ടുകര കാർഷിക ഗവേഷണ കേന്ദ്രം) തുടങ്ങിയ കാർഷിക പ്രമുഖർ ആശംസകൾ അർപ്പിച്ചു. തുടർന്ന് ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത് കൃതജ്ഞതയർപ്പിച്ചു. തെരഞ്ഞെടുത്ത കർഷകർ, വിവിധ കാർഷിക മേഖലയിലെ പ്രമുഖർ, ജന പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

### 5. ആകാശവാണി വയലും വീടും ഉപദേശക സമിതി യോഗം

2016 ഒക്റ്റോബർ 21 ശനിയാഴ്ച ചേതന കായംകുളം ഓഫീസിൽ വച്ച് ആകാശവാണി വയലും വീടും ഉപദേശക സമിതി യോഗം





നടത്തപ്പെട്ടു. ആകാശവാണി സ്റ്റേഷൻ ഡയറക്ടർ ശ്രീ. ആർ.സി. ഗോപാൽ അദ്ധ്യക്ഷത വഹിച്ച യോഗം മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബോവാസ് മാത്യു ഉദ്ഘാടനം ചെയ്തു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത്, ആകാശമാണി വയലും വീടും പ്രോഗ്രാം എക്സിക്യുട്ടീവ് ശ്രീ. മുരളീധരൻ തഴക്കര, ആകാശവാണി വയലും വീടും അസി. ഡയറക്ടർ ശ്രീ. പി.എം. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ കാർഷിക മേഖലയിലെ വിവിധ വകുപ്പു മേധാവികളും സന്നദ്ധ സംഘടന പ്രതിനിധികളും തിരഞ്ഞെടുത്ത കർഷകരും പങ്കെടുത്തു.

### 6. ജീവാമൃതം പദ്ധതിക്ക് തുടക്കമായി

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ ദേശിയ-സംസ്ഥാന ഔഷധ സസ്യ ബോർഡുകളുടെ സഹായത്തോടെ കായംകുളം ചേതന, ആറാട്ടുപുഴ സ്നേഹതീരം എന്നിവയുടെ സംയുക്ത സഹകരണത്തോടെ നടപ്പിലാക്കുന്ന ജീവാമൃതം പദ്ധതിക്ക് 08 ഒക്ടോബർ 2016 ഉച്ചകഴിഞ്ഞ് 2-ന് തുടക്കമായി.

ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ആയൂർവേദ ഔഷധ നിർമ്മാണ ശാലകൾക്ക് വിൽക്കുകയും ചെയ്യുന്ന പദ്ധതിയാണ് ജീവാമൃതം.

പദ്ധതിയുടെ ഉദ്ഘാടനം മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിപിൻ സി. ബാബു ആറാട്ടുപുഴയിലെ പെരുമ്പള്ളിയിൽ നടന്ന പൊതുയോഗത്തിൽ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എസ്. അജിത അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അഭിവന്ദ്യ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. ഔഷധി ചെയർമാൻ ശ്രീ. കെ. ആർ വിശ്വംഭരൻ ഐ.എ.എസ്സ്, ദേശീയ ഔഷധ സസ്യ ബോർഡിന്റെ റീസേർച്ച് ഓഫീസർ ഡോ. പവൻയാദവ്, സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ C.E.O കെ. രാധാകൃഷ്ണൻ, മുൻ C.E.O ശ്രീ. ശ്രീകുമാർ എന്നിവരും ജില്ല- ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, പുനർജ്ജനി പ്രോജക്ട് അഡ്വൈസർ ശ്രീ. സി. രാജീവനും സംസാരിച്ചു. ചടങ്ങിൽ കണിപറമ്പിൽ ശ്രീ. ചക്രപാണിവൈദ്യരെ അഭിവന്ദ്യ പിതാവ് ആദരിച്ചു. ചേതന ഡയറക്ടർ

ഫാ. ബിന്നി നെടുംപുറത്ത് പദ്ധതി വിശദാംശങ്ങൾ അവതരിപ്പിച്ചു. സ്നേഹതീരം പ്രസിഡന്റ് ശ്രീ. ജെ. സുജിത്ത് സ്വാഗതവും സെക്രട്ടറി ശ്രീമതി സീമ സലിം നന്ദിയും രേഖപ്പെടുത്തി. പദ്ധതിയുടെ ഭാഗമായുള്ള മാതൃക കൃഷിത്തോട്ടം പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല സന്ദർശിച്ചു.

**7. ദേശീയ ആയുഷ് മിഷന്റെ ഉന്നതതല സന്ദർശനം**

ജീവാമൃതം പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഡോ. എൻ പത്മകുമാർ (ദേശീയ ഔഷധ സസ്യ ബോർഡിന്റെ അസിസ്റ്റന്റ് അഡ്വൈസെർ), ഡോ. പവൻയാദവ് (റിസർച്ച് ഓഫീസർ) എന്നിവർ ഡൽഹയിൽ നിന്നും ചേതനയിൽ ഒക്ടോബർ 8-ാം തീയതി സന്ദർശനം നടത്തി. നിലവിലുള്ള പദ്ധതികളെക്കുറിച്ചും പുതിയ ഔഷധ സസ്യ മേഖലയിലെ സാധ്യതകളെക്കുറിച്ചും ചർച്ച നടത്തി. ചേതനയുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് സംസാരിച്ചു. SMPB CEO മിസ്റ്റർ രാധാകൃഷ്ണൻ, കൺസൾട്ടന്റ് ശ്രീ. പി.കെ. രാജൻ എന്നിവർ സന്നിഹിതരായിരുന്നു.

**8. ചേതന ആഡിറ്റോറിയം കൂദാശ**

ചേതനയുടെ പുതിയ ആഡിറ്റോറിയം കൂദാശ ഒക്ടോബർ 17 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. വന്ദ്യ മോൺ. ജോർജ്ജ് ചരുവിള കോർ എപ്പിസ്കോപ്പ, ഫാ. ലൂക്കോസ് കന്നിമേൽ എന്നിവർ സന്നിഹിതരായി രുന്നു.

**9. ദോഹ മലങ്കര കത്തോലിക്കാസഭയുടെ സഹായം**

ദോഹയിലെ മലങ്കര മക്കൾ ചേർന്ന് കാരുണ്യ വർഷത്തോടനുബന്ധിച്ച് നടത്തിയ ഉപവി പ്രവർത്തനങ്ങളുടെ ഭാഗമായി മാവേലിക്കര ഭദ്രാസനത്തിലെ നീലേശ്വരം ഇടവകയിൽപ്പെട്ട നിർദ്ധനയും, വിധവയുമായിട്ടുള്ള ഒരു വ്യക്തിക്കും, ക്യാൻസർ രോഗം മൂലം കഷ്ടപ്പെടുന്ന കരുംതോട്ടുവാ ഇടവകയിലെ ഒരു വ്യക്തിക്കും 50000/- രൂപയുടെ ചെക്ക് അതാത് ഇടവകകളിൽ വച്ച് വികാരിയച്ചന്മാർ ഈ വ്യക്തികൾക്ക് കൈമാറി. ദോഹയിലെ മലങ്കര കൂട്ടായ്മയ്ക്ക് ചേതനയുടെ അകമഴിഞ്ഞ നന്ദി.





**10. കാരുണ്യവർഷ സംഗമം - മാവേലിക്കര ജില്ല**

മാവേലിക്കര വൈദികജില്ലയുടെയും ചേതനയുടെയും സംയുക്താഭിമുഖ്യത്തിൽ 2016 ഒക്ടോബർ 23 ന് പുന്നമൂട് കത്തിഡ്രൽ ദേവാലയത്തിൽ വച്ച് വിശുദ്ധ കുർബാനയോടെ കാരുണ്യ വർഷ പരിപാടി നടത്തപ്പെട്ടു. ആശാകിരണം വോളിന്റിയേഴ്സായി തിരഞ്ഞെടുത്തിട്ടുള്ള വ്യക്തികൾക്ക് ID card നൽകി. ആശാകിരണത്തിന്റെ ഭാഗമായുള്ള ചാരിറ്റി ബോക്സ് പുന്നമൂട് കത്തീഡ്രൽ ഇടവകയ്ക്കുവേണ്ടി വികാരി ഫാ. ബെനഡിക്ട് പെരുമുറ്റത്ത് അഭിവന്ദ്യ പിതാവിൽ നിന്നും ഏറ്റുവാങ്ങി ഇടവക ട്രസ്റ്റി ശ്രീ. രാജൻ പുഞ്ചക്കാലയ്ക്ക് കൈമാറി.

# കുടുംബ പ്രേഷിത കാര്യാലയം

**മരിയൻ രചനാ മത്സരം 2016**

മാവേലിക്കര ഭദ്രാസനത്തിലെ അമ്മമാരുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും കൂട്ടായ്മ ശക്തിപ്പെടുത്തി കൂടുതൽ ക്രിയാത്മകമാക്കുന്നതിനുമായി 'രചന 2016' എന്ന പേരിൽ രചനാ മത്സരങ്ങൾ നടത്തുന്നു. ജില്ലാതല മത്സരങ്ങൾ 2016 ഡിസംബർ 10 ന് ജില്ലാ ആസ്ഥാനങ്ങളിൽ നടത്തേണ്ടതാണ്.

**രചനാ മത്സരങ്ങൾ**

1. വേദവാക്യം - നിർദ്ദിഷ്ട ഭാഗങ്ങൾ മുൻകൂട്ടി നൽകുന്നതായിരിക്കും.
2. ബൈബിൾ ക്വിസ് - ലോഗോസ് ക്വിസ് ഭാഗങ്ങൾ (50%)
   സംഖ്യാ 11 മുതൽ 21 വരെ അധ്യായങ്ങൾ

- സുഭാഷിതങ്ങൾ 10 മുതൽ 20 വരെ അധ്യായങ്ങൾ
- യോഹന്നാൻ 13 മുതൽ 21 വരെ അധ്യായങ്ങൾ
- വെളിപാട് 1 മതൽ 3 വരെ അധ്യായങ്ങൾ
- വിശുദ്ധ കുർബാന– മതബോധനം 10–ാം ക്ലാസിലെ വി. കുർബാനയെക്കുറിച്ചുള്ള 4 അധ്യായങ്ങൾ (25%)
- വിശുദ്ധ മദർ തെരേസ (25%)

ഒരു യൂണിറ്റിൽ നിന്നും 2 അംഗങ്ങളുടെ ഒരു ടീമിനു പങ്കെടുക്കാം.

ഉപന്യാസം (ഒരു മണിക്കൂർ)

- 1. ആധുനിക ലോകത്തെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ
- 2. വൃദ്ധരായ മാതാപിതാക്കൾ കുടുംബ മൂല്യങ്ങളുടെ സൂക്ഷിപ്പുകാർ
- 3. കരുണയുടെ അമ്മ കൽക്കട്ടയിലെ വി. മദർ തെരേസ

ചിത്രരചന – വിഷയം തത്സമയം നല്കുന്നതായിരിക്കും (90 മിനിറ്റ്)

കഥാ രചന – ക്രൈസ്തവ മൂല്യങ്ങൾ ഉൾകൊള്ളുന്നവ (1 മണിക്കൂർ)

കവിതാ രചന – 1 മണിക്കൂർ (വിഷയം നൽകും)

രചനാ മത്സരങ്ങൾ ഭദ്രാസന ഭാരവാഹികളുടെ സാന്നിധ്യത്തിൽ നടത്തുന്നതായിരിക്കും

**നിബന്ധനകൾ**

1. ഭദ്രാസനതലത്തിൽ പേര് രജിസ്റ്റർ ചെയ്ത അംഗങ്ങൾക്കും 2016 നവംബർ 30 ന് മുമ്പ് രജിസ്റ്റർ ചെയ്യുന്നവർക്കും പങ്കെടുക്കാവുന്നതാണ്.
2. ഒരംഗം ഗ്രൂപ്പിനങ്ങൾ ഒഴികെ രണ്ടിനത്തിൽ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളൂ.
3. ജില്ലാ മത്സരത്തിൽ പങ്കെടുക്കുന്നവർ ഇടവക വികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
4. രചനാ മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരുവിവരവും രജിസ്ട്രേഷൻ ഫീസും ഭദ്രാസനതല സമിതിയെ ഏല്പിക്കണം. സിംഗിൾ ഇനത്തിന് 50 രൂപയും ഗ്രൂപ്പ് ഇനത്തിന് 100 രൂപായും ആയിരിക്കും ഫീസ്. മത്സരത്തിൽ പങ്കെടുത്താലും ഇല്ലെങ്കിലും രജിസ്റ്റർ ചെയ്യുന്ന ഇനങ്ങളുടെ ഫീസ് നിർബന്ധമായും നൽകിയിരിക്കണം. പേര് രജിസ്റ്റർ ചെയ്യുന്നവർതന്നെ മത്സരത്തിൽ പങ്കെടുക്കണം.
5. സിംഗിൾ ഇനങ്ങളിൽ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് 5,3,1 എന്നീ ക്രമത്തിലും സംഘ ഇനത്തിന് 10,5,3 എന്നീ ക്രമത്തിലും പോയിന്റുകൾ ലഭിക്കുന്നതാണ്.





# മലങ്കര കാത്തലിക് അസോസിയേഷൻ (എം. സി. എ)

**ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണവും സമ്മേളനവും**

ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണവും സമ്മേളനവും എം.സി.എ മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2016 ഒക്ടോബർ 16 ഞായറാഴ്ച ഉച്ചയ്ക്ക് 2.30 –ന് കടമ്പനാട് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന

പ്രസിഡന്റ് ശ്രീ. തോമസ് ജോൺ തേവരേത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുകയും നിയമസഭാ മുൻ ഡപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവി മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു.

തദവസരത്തിൽ മാർ ഈവാനിയോസ് ഉപന്യാസ ക്വിസ് മത്സര വിജയികൾക്കുള്ള ട്രോഫിയും ക്യാഷ് അവാർഡും വിതരണം ചെയ്യുകയും കെ. എം. ആർ. എം (KMRM) വിദ്യാനിധി സ്കോളർഷിപ്പ് ക്യാഷ് അവാർഡുകളും വിതരണം നടത്തുകയും ചെയ്തു.

## പ്രോലൈഫ്

ഭദ്രാസന പ്രോലൈഫ് സമിതിയും കെ.സി.ബി.സി പ്രോലൈഫ് സമിതിയും ചേർന്നു നയിക്കുന്ന പ്രോലൈഫ് ബോധവത്ക്കരണ സെമിനാർ 18 ജൂൺ 2016 രാവിലെ 10 മുതൽ ഉച്ചയ്ക്ക് 3 വരെ നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം സ്ക്കൂളിൽ വച്ച് നടന്നു. കുട്ടികളിൽ വർദ്ധിച്ചു വരുന്ന മദ്യപാനം, പുകവലി, മയക്കുമരുന്ന് ഉപയോഗം സോഷ്യൽ മീഡിയായോടുള്ള അതിയായ ഭ്രമം, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങിയ വിഷയങ്ങൾ ക്രോഡീകരിച്ച് കെ.സി. ബി.സി പ്രോലൈഫ് ജനറൽ സെക്രട്ടറി ശ്രീ. യുഗേഷ് പുളിക്കൻ ക്ലാസുകൾ നയിച്ചു. ഭദ്രാസന പ്രോലൈഫ് ഡയറക്ടർ ഫാ. ഗീവർഗ്ഗീസ് ചാക്കപ്പൂട്ടിൽ, സ്ക്കൂൾ ഹെഡ്മിസ്ട്രസ് സി. രാജിത എസ്.ഐ.സി എന്നിവർ മിറ്റിംഗിൽ സംബന്ധിച്ചു.





## കെ. സി. എസ്. എൽ

**സാഹിത്യോത്സവം 2016**

ഈ വർഷത്തെ കെ.സി.എസ്. എൽ സാഹിത്യോത്സവം 2016 ഒക്ടോബർ 28 വെള്ളിയാഴ്ച മാവേലിക്കര സോണൽ കറ്റാനം പോപ്പ് പയസ് സ്ക്കൂളിൽ വച്ചും കൊല്ലം സോണൽ കൈതക്കോട് മാർ ബസേലിയോസ് സ്ക്കൂളിൽ വച്ചും നടത്തപ്പെട്ടു. 2 സോണലുകളിൽ നിന്ന് 12 സ്ക്കൂളുകളിൽ നിന്നായി ഏകദേശം 110 കുട്ടികൾ വിവിധ രചനാമത്സരങ്ങളിൽ പങ്കെടുത്തു. അതിനെ തുടർന്ന് ആനിമേറ്റഴ്സ് മീറ്റിംഗും നടത്തപ്പെട്ടു.

**കാരുണ്യ ദൂത് 2016**

കാരുണ്യ വർഷത്തോട് അനുബന്ധിച്ച് കെ.സി.എസ്.എൽ സെൻട്രൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കാരുണ്യ ദൂത് യാത്രയ്ക്ക് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ 2016 നവംബർ 09 ന് കറ്റാനം പോപ്പ് പയസ് സ്ക്കൂളിൽ വച്ച് സ്വീകരണം നല്കുന്നു.

## ആദരാഞ്ജലി...

കാരിക്കൽ ഇടവകാംഗവും ബഹുമാനപ്പട്ട സി. റബേക്ക എസ്. ഐ. സി, സിസ്റ്റർ സെലീന എസ്.ഐ.സി എന്നിവരുടെ വത്സല പിതാവുമായ ആലുംതടത്തിൽ ശ്രീ. ജോർജുകുട്ടി (88) 22 ഒക്ടോബർ 2016 -ൽ നിര്യാതനായി. ശവസംസ്ക്കാര ശുശ്രൂഷ 24 ഒക്ടോബർ 2016 ഉച്ചകഴിഞ്ഞ് 2.30-ന് കാരിക്കൽ ഇടവകയിൽ വന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. സന്തപ്ത കുടുംബാംഗങ്ങൾക്ക് ഭദ്രാസനത്തിന്റെ ഹൃദയാഞ്ജലി!

# ബൈബിൾ പ്രേഷിത കാര്യാലയം

## LOGOS QUIZ 2016

### Rank list

| Rank | Name | Parish | Marks |
|---|---|---|---|
| | **Group - A** | | |
| I | Pranav Prince, Joy Cottage | St. Andrew's Church, Kallada East | 70 |
| II | Daya Maggie Varghese, Kottayadiyil | St. Mary's Cathedral Punnamoodu | 64 |
| III | Prince Reji Thottathil Veedu | St. Antony's Veliam West | 61 |
| | **GROUP - B** | | |
| I | Jeny Omana Biju | St. Mary's Charummoodu | 85 |
| II | Lena Mary Sam, Mamkoottathil | St. Mary's Karimulackal | 73 |
| III | Jobin, Chaluvila | St. Paul's Karuvelil | 71 |
| | **GROUP - C** | | |
| I | Namitha Elsa Raju Kaidakottu | St. Mary's Karthikappally | 76 |
| II | Nisha Wilson Valyavettil | St. Mary's Charummoodu | 75 |
| II | Jishma Alex, Jithin Bhavan | St. Rita's Chowallor | 75 |
| III | Aleena Antony Veluthamanannunkal Kripalayam | St. Mary's Karthikappally | 70 |
| III | Soniya Mathew Thekkazhikathu Melathil | Little Flower, Kundara | 70 |





| Rank | Name | Parish | Marks |
|---|---|---|---|
| | **GROUP - D** | | |
| I | Biji Jacob Puthenveettil | St. Joseph, Mudiyoorkonam | 87 |
| II | Bindu Shaji Abin Villa | St. George, Kadampanadu | 79 |
| III | Selsa Philip Thuruthiyil | Sacred Heart, Cheppad | 76 |
| III | Ajitha Jacob Ambnattuvilayil | St. Mary's Charummoodu | 76 |
| | **Group - E** | | |
| I | Mariamma Samuel | St. Stephen, Kattanam | 90 |
| II. | John varghese Elavatta | St. Thomas, Kadappakkada | 80 |
| III. | Usha Joy Tinu Bhavan | St. Joseph's Puliyila | 79 |
| | **Group - F** | | |
| I. | Mariamma T John Kottayadiyil | St. Mary Cathedral Punnamoodu | 79 |
| II. | Philomina Varghese | St. Mary Cathedral Punnamoodu | 78 |
| III. | Kunjamma Thomas Kizhakkumkara | Kalluvathukkal | 72 |

### ലോഗോസ് ക്വിസ് 2016

ലോഗോസ് ക്വിസ് 2016 വളരെ ഭംഗിയായി നടന്നു. അതിനായി സഹകരിച്ച ഏവർക്കും നന്ദി. എല്ലാ വിജയികൾക്കും അനുമോദനങ്ങൾ. ഭദ്രാസന തലത്തിൽ ഓരോ ഗ്രൂപ്പിലും റാങ്ക് നേടിയവർക്കായി റീജണൽ ലവൽ സെമീഫൈനൽ മത്സരം 2016 നവംബർ 20 ന് ഉച്ച കഴിഞ്ഞ് 3 മണിക്ക് കൊല്ലം ബിഷപ്പ് കാറ്റലാനി സെന്ററിൽ വച്ചു നടക്കുന്നു. പങ്കെടുക്കുന്നവർ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കേറ്റ്, ഫോൺ നമ്പർ എന്നിവ ലോഗോസ് ക്വിസ് ഭദ്രാസന ഡയറക്ടറെ ഏൽപിക്കുക. (Mob. 8547256079, E-mail: kvarghesefr@gmail.com

# സ്മരണീയ ദിനങ്ങൾ

**നവംബർ**

01 - സകല വിശുദ്ധന്മാരുടെയും ഓർമ്മ

03 - നിഖ്യായിലെ 318 പിതാക്കന്മാർ, പൗലോസ് മാർ പീലക്സിനോസ് പിതാവിന്റെ ഓർമ്മ

06 - ഹൂദോസ് ഈത്തൊ ഞായർ (സഭയുടെ നവീകരണം)

08 - സകല മാലാഖമാർ

09 - വി. തിയോഡോർ

10 - സാമുവേൽ നിബിയാ, വി. ലിയോ മാർപാപ്പാ

12 - അലക്സാൺഡ്രിയായിലെ മാർ യോഹന്നാൻ

13 - സ്കറിയായോടുള്ള അറിയിപ്പ്, സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ നാമഹേതുക തിരുനാൾ

14 - മാർ ഫീലിപ്പോസ് ശ്ലീഹാ

15 - വി. ആൽബർട്ട്

16 - മാർ മത്തായി ശ്ലീഹാ

20 - പരി. ദൈവമാതാവിനോടുള്ള അറിയിപ്പ്, സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം

21 - പരി. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം

22 - മാർ ഫിലെമോൻ, വി. സിസിലിയാ

23 - വി. ക്ലെമന്റ് മാർപാപ്പാ, വി. ഫെലിസിറ്റ

27 - പരി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

28 - വി. കത്രീന

29 - ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ

30 - മാർ അന്ത്രയോസ് ശ്ലീഹാ





# *Let us Remember, Congratulate and Pray..*

**NOVEMBER**

**BIRTHDAY**

| | | |
|---|---|---|
| Fr. John Padipurackal | - | Nov 14 |
| Fr. Kuriakose Thiruvalil | - | Nov 16 |

**FEAST DAY**

| | | |
|---|---|---|
| Fr. Samuel Paickattethu | - | Nov 10 |
| Fr. Samuel Pazhavoorpadickal | - | Nov 10 |
| Fr. Philip Chempakasseril | - | Nov 14 |
| Fr. Philip Edayanavila | - | Nov 14 |
| Rt. Rev. Cheppad Thuruthiyil Mathews Ramban | - | Nov16 |
| Fr. Mathews Kuzhivila | - | Nov 16 |
| Fr. Dianesius Lourdhbhavan | - | Nov 17 |



# Programme Diary of His Grace

## NOVEMBER

| Date | Venue / Function | Time |
|---|---|---|
| 01 | Catholicate Center/ Pastoral course | 06.00 AM |
| | Neyyattinkara/ Bishop's House Blessing | 10.30 AM |
| 02 | Edamulackal | 10.00 AM |
| 04 | POC | 10.00 AM |
| 05 | Poruvazhy | 09.00 AM |
| 06 | Perumpuzha | 09.00 AM |
| | Adoor/ Ecumenical Meet | 02.00 PM |
| | Elanthoor | 04.00 PM |
| 07 | Kizhavallor | 11.00 AM |
| 08 | Delhi/ NEG Fire | |
| 10 | POC | 10.00 AM |
| 11 | Amalagiri/ Shalom Recording | 02. 00 PM |
| 12 | Kumpazha/ Clergy Home Blessing | 08.00 AM |
| | Nellikunnam | 10.00 AM |
| | Charummood | 12.00 Noon |
| | Kottayam/ Year of Mercy Meet | 02.00 PM |
| 13 | Puthiyacav | 07.00 AM |
| | Kizhaketheruv | 12.00 Noon |
| | Kampamkodu | 03.00 PM |





| Date | Venue / Function | Time |
|---|---|---|
| 14 | Chirattakonam | 10.00 AM |
| | Puthoor | 05.00 PM |
| 16. | Mavelikara/YMCA | 06.00 PM |
| 18. | Thodupuzha- Nirmala College | 10.00 AM |
| 19. | Koruthodu | 11.00 AM |
| | Aala | 05.00 PM |
| 20. | Cathedral/ Year of Mercy Conclusion | 08.30 AM |
| | Kattanam/ Mar Thoma Church | 02.45 PM |
| | Lordh Church/ Trivandrum | 06.00 PM |
| 23. | Mannanam | 11.00 AM |
| | Kollam | 05.30 PM |
| 24- Dec 02 | Vatican | |



### 2016 നവംബർ മാസത്തിലെ പ്രാർത്ഥനാ നിയോഗങ്ങൾ

**പൊതുനിയോഗം:** ചിതറിക്കപ്പെട്ട ജനവിഭാഗങ്ങളെയും അഭയാർത്ഥികളെയും വിശാലമായ മനുഷ്യ സമൂഹത്തോടുള്ള ഗാഢബന്ധം മുൻനിർത്തി സംരക്ഷിക്കുവാൻ സന്മനസ്സ് കാണിച്ചവർക്കുവേണ്ടി

**പ്രേഷിതനിയോഗം:** ഇടവകയുടെ പശ്ചാത്തലത്തിൽ വികാരിയച്ചനും അൽമായ സഹോദരങ്ങളും മടുപ്പുകൂടാതെ സമൂഹ നന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനുവേണ്ടി